41 (2419) മോഡൽ ഹൈസ്കൂളിൽ എൻ.സി.സി. യൂണിറ്റ്

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ പാലക്കുഴ ഗവൺമെന്റ് മോഡൽ ഹൈസ്കൂളിൽ ഇപ്പോൾ എൻ.സി.സി. യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത യൂണിറ്റ് എന്നു മുതലാണ് നിർത്തലാക്കിയത്;

(ബി) ഈ സ്കൂളിൽ എൻ.സി.സി. യൂണിറ്റ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് ഹെഡ്മാസ്റ്ററുടേയോ പി.ടി.എ.യുടേയോ അപേക്ഷ ലഭിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) പാലക്കുഴ ഗവൺമെന്റ് മോഡൽ ഹൈസ്കൂളിൽ ഇതുവരെ എൻ.സി.സി. യൂണിറ്റ് ആരംഭിച്ചില്ല. എന്നാൽ 1999-ൽ അവിടെ എൻ.സി.സി. യൂണിറ്റ് ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ ആവശ്യം ഉന്നയിച്ച് സ്കൂൾ ഹെഡ്മാസ്റ്ററിൽ നിന്നും ലഭിച്ച അപേക്ഷ ഡൽഹിയിൽ എൻ.സി.സി. ഡയറക്ടർ ജനറലിന്റെ അംഗീകാരത്തിനായി അയച്ചിരിക്കുകയാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് ടി സ്കൂളിൽ എൻ.സി.സി. പ്രവർത്തനം ആരംഭിക്കുന്നതാണ്.

42 (2420) പുനലൂർ വിദ്യാഭ്യാസ ജില്ലയിലെ സർക്കാർ സ്കൂളുകൾ

ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ വിദ്യാഭ്യാസ ജില്ലയിലെ എൽ.പി., യു.പി. ഹൈസ്കൂൾ വിഭാഗത്തിലായി എത്ര സർക്കാർ സ്കൂളുകൾ ഉണ്ട്;

(ബി) ഓരോ സ്കൂളുകളിലും എത്ര അദ്ധ്യാപകരുടെ തസ്തികകളാണുള്ളത്; നിലവിൽ എത്ര അദ്ധ്യാപകർ ഉണ്ട്; ഒഴിവുള്ള തസ്തികകൾ എത്ര;

(സി) ഒഴിവുള്ള തസ്തികകളിൽ എന്നത്തേയ്ക്ക് നിയമനം നടത്താൻ കഴിയും എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ),(ബി)&(സി) വിവരം ശേഖരിച്ചു വരുന്നു.

43 (2421) എസ്.എസ്.എൽ.സി. റാങ്ക് പരിഷ്ക്കരണം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷയിൽ നിലവിലുള്ള റാങ്ക് സംപ്രദായം ഉടച്ചുവാർക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) എസ്.എസ്.എൽ.സി. പരീക്ഷയുടെ ഉത്തരകടലാസ്സിന്റെ പുനർമൂല്യനിർണ്ണയത്തിലൂടെ അഞ്ചിൽ താഴെ മാർക്ക് കൂടുതൽ കിട്ടിയാൽ

LIBRARY ARCHIVES Kerala Legislative Assembly